ഫണ്ട് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന അതേ അനുപാതത്തിലാണ് സ്വജൽധാരാ ഫണ്ടും അനുവദിക്കുന്നത്. വ്യക്തമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഈ അനുപാതം നിശ്ചയിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും ലഭിച്ച പദ്ധതി പ്രൊപ്പോസലുകൾ പൂർണ്ണമായും നടപ്പിലാക്കാനാവശ്യമായ വിഹിതം അനുവദിക്കുവാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള വിതരണത്തിനുള്ള പദ്ധതി

72 [253] *ശ്രീ. രാജു എബ്രഹാം:*
" *എം. വി. ജയരാജൻ:*
" *മഞ്ഞളാംകുഴി അലി:*
" *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ബാങ്ക് ഉൾപ്പെടെ വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള വിതരണത്തിനുള്ള പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുടിവെള്ള പദ്ധതികൾ ഓരോന്നിന്റേയും ഇപ്പോഴത്തെ ഘട്ടം വിശദമാക്കാമോ; ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ടെണ്ടർ റദ്ദു ചെയ്യേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; രൂപരേഖയിൽ കണക്കാക്കപ്പെട്ട തീയതികൾക്കകം തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ജെ. ബി. ഐ. സി.യുടെ വായ്പാ തുക ആദ്യഗഡു തിരിച്ചടയ്ക്കേണ്ടത് ഏത് തീയതിയിലാണ്;

(ഡി) പദ്ധതികൾക്കോരോന്നിനും ഇതിനകം ലഭിച്ച വിദേശ സഹായങ്ങളുടെ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പദ്ധതികളുമായി ബന്ധപ്പെട്ട കൺസൾട്ടൻസികൾക്ക് ഇതിനകം എന്തു തുക നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയിലുൾപ്പെടുന്ന 5 പദ്ധതികളുടെയും വിവിധ സർവ്വേകൾ, ഡിസൈനുകൾ തയ്യാറാക്കൽ മുതലായവ പൂർത്തിയാക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് റിസർവോയറുകൾ നിർമ്മിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കരാറുകളിൽ ഏർപ്പെടുന്നതിനുവേണ്ടി ലഭിച്ച ടെണ്ടറുകൾ ജെ. ബി. ഐ. സി. യുടെ അംഗീകാരത്തോടെ റദ്ദു ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ടെണ്ടറുകളിലൂടെ ലഭിച്ച തുകകൾ അംഗീകൃത പ്രോജക്ട് എസ്റ്റിമേറ്റുമായും ഇപ്പോഴത്തെ എസ്റ്റിമേറ്റുമായും താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലായതിനാലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ടി പദ്ധതികൾ 2007 ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന 'ജലനിധി' പദ്ധതി ഇപ്പോൾ അഞ്ചാം ഘട്ടത്തിലാണ്. ഇതുവരെ 1369 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി. 901 പദ്ധതികൾ നിർവഹണഘട്ടത്തിലും 1556 പദ്ധതികൾ ആസൂത്രണ ഘട്ടത്തിലുമാണ്. പദ്ധതി 2006 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 20-2-2007.

(ഡി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് ഇതുവരെ 20.62 കോടി രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റിന് ഇതുവരെ 29.5 കോടി രൂപയും നൽകിയിട്ടുണ്ട്.

'ജലനിധി' പദ്ധതിക്ക് ഇതുവരെ 105.49 കോടി രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് കൺസൾട്ടൻസികൾക്ക് 7.67 കോടി രൂപ നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ

73 [254] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർവ്വഹണഘട്ടം പൂർത്തിയായ കുടിവെള്ളപദ്ധതികൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം മുടങ്ങിക്കിടപ്പുണ്ടോ;

(ബി) എങ്കിൽ എത്ര പദ്ധതികൾ ഇപ്രകാരം മുടങ്ങിക്കിടപ്പുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പൂർത്തിയായ കുടിവെള്ളപദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ തെക്കൻ മേഖലയിൽ 9 പദ്ധതികളും മദ്ധ്യ മേഖലയിൽ 13 പദ്ധതികളും വടക്കൻ മേഖലയിൽ 20 പദ്ധതികളും ഇപ്രകാരം മുടങ്ങിക്കിടപ്പുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) പൂർത്തിയായ കുടിവെള്ളപദ്ധതികൾക്ക് OYEC ചാർജ്ജ് അടച്ചാൽ 15 ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly